**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 356** **28-10-2021 - ൽ മറുപടിയ്ക്ക്**

**പ്രതീക്ഷിത നികുതി വരുമാനത്തിലെ കുറവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ. പി. ടി. തോമസ് ,<br>ശ്രീമതി കെ.കെ.രമ,<br>ശ്രീ. എ . പി . അനിൽ കുമാർ | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | നടപ്പ സാമ്പത്തികവർഷം പ്രതീക്ഷിത നികുതി വരുമാനം നേടിയെടുക്കാനാകുമെന്ന് കരുതുന്നുണ്ടോ; ഇല്ലെങ്കിൽ കാരണങ്ങൾ വിശദമാക്കുമോ; | (എ) | 2021 – 22 സാമ്പത്തിക വർഷത്തെ പുതുക്കിയ ബജറ്റ് പ്രകാരം സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനമായി 71833.28 കോടി രൂപ പ്രതീക്ഷിച്ചിരുന്നു. അക്കൗണ്ടന്റ് ജനറലിന്റെ 2021 ആഗസ്റ്റ് മാസം വരെയുള്ള താത്കാലിക കണക്കുകൾ പ്രകാരം സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനമായി 18355.53 കോടി രൂപ ലഭ്യമായിട്ടുണ്ട്. |
| (ബി) | പ്രസ്തുത നികുതി വരുമാനത്തിൽ എത്രത്തോളം കുറവുണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് അറിയിക്കുമോ; | (ബി) | 2021 – 22 സാമ്പത്തിക വർഷത്തെ പുതുക്കിയ ബജറ്റ് പ്രകാരം സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനമായി 71833.28 കോടി രൂപ പ്രതീക്ഷിച്ചിരുന്നു. അക്കൗണ്ടന്റ് ജനറലിന്റെ 2021 ആഗസ്റ്റ് മാസം വരെയുള്ള താത്കാലിക കണക്കുകൾ പ്രകാരം സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനമായി 18355.53 കോടി രൂപ ലഭ്യമായിട്ടുണ്ട്. |
| (സി) | പ്രതീക്ഷിത വരുമാനത്തിലെ കുറവ് വികസന പ്രവർത്തനങ്ങളെ ബാധിക്കാതിരിക്കാൻ സ്വീകരിച്ച മുൻകരുതൽ നടപടികൾ വിശദമാക്കുമോ; | (സി) | നികുതി വരുമാനത്തിലെ കുറവ് പരിഹരിക്കാൻ ഉപഭോക്താക്കളിൽ നിന്നും ഉത്പന്ന വിലയോടൊപ്പം ഈടാക്കുന്ന നികുതി പണം ഖജനാവിലേയ്ക്ക് അടക്കാത്ത വ്യാപാരികളുടെ റിട്ടേൺ പരിശോധനയിലൂടെ നികുതി നിർണ്ണയം നടത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നികുതി നിർണ്ണയിക്കുന്നതിന്, അനിവാര്യമായ വ്യത്യസ്ത മാനദണ്ഡങ്ങൾ നിശ്ചയിച്ച്, മുൻഗണന പട്ടിക തയ്യാറാക്കിയ കേസുകളിൽ പരിശോധന സമയ ബന്ധിതമായും കാര്യക്ഷമമായും നടത്തി, നികുതി നിർണ്ണയം സമയബന്ധിതമായി തീർപ്പാക്കുന്നതിന് നികുതി നിർണ്ണയ അധികാരികളുടെ ഡാഷ് ബോർഡിൽ ലഭ്യമാക്കിയിട്ടുണ്ട്. ജി.എസ്.ടി.യിൽ ഫയൽ ചെയ്ത |

| | | | |
|---|---|---|---|
| | | | വിവരങ്ങളെ അടിസ്ഥാനമാക്കി ദേശീയ തലത്തിൽ റെഡ് ഫ്ലാഗ് റിപ്പോർട്ടുകൾ സൃഷ്ടിക്കുകയും, സംസ്ഥാന തലത്തിൽ റെഡ് ഫ്ലാഗ് റിപ്പോർട്ടുകൾ സൃഷ്ടിച്ച് ഉദ്യോഗസ്ഥർക്ക് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. വിറ്റുവരവിലെ വ്യത്യാസം, ഇൻപുട്ട് ടാക്സ് ക്രഡിറ്റിലുള്ള വ്യത്യാസം, ഇ-വേ ബിൽ ഡിക്ലയർ ചെയ്ത തുകയിലുള്ള വ്യത്യാസം, ടി.ഡി.എസ്./ ടി.സി.എസ്. റിട്ടേണുകളിൽ ഉള്ള വിവരങ്ങൾ എന്നിവ അടിസ്ഥാനമാക്കിയാണ് റെഡ് ഫ്ലാഗ് റിപ്പോർട്ടുകൾ നൽകുന്നത്. ജി.എസ്.ടി. പൂർണ്ണമായും വിവര സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ ഒരു നികുതി വ്യവസ്ഥയാണ്. നികുതി ദായകന്റെ ക്രയവിക്രയങ്ങൾ സംബന്ധിച്ച് ജി.എസ്.ടി. നെറ്റ് വർക്കിൽ ലഭ്യമായ വിവരങ്ങളുടെ വിശകലനവും മറ്റ് ഏജൻസികളായ ഇൻകം ടാക്സ്, കസ്റ്റംസ് എന്നിവയിൽ സമർപ്പിച്ചിട്ടുള്ള വിവരങ്ങളുമായി വിശകലനങ്ങൾ നടത്തുന്നതിന് വേണ്ടി സംസ്ഥാന ചരക്കു സേവന നികുതി വകുപ്പിൽ പ്രത്യേക ഡാറ്റാ അനലിറ്റിക് വിങ്ങ് രൂപീകരിച്ചിട്ടുണ്ട്. വർഷാന്ത്യ റിട്ടേണുകളിൽ സൂക്ഷ്മ പരിശോധനയും ഓഡിറ്റും നടത്തി നികുതി വെട്ടിപ്പും തെറ്റായ ഇൻപുട്ട് ടാക്സ് ക്രഡിറ്റും കണ്ടെത്തി നികുതി നിർണ്ണയം സമയബന്ധിതമായി തീർപ്പാക്കി വരുന്നുണ്ട്. |
| (ഡി) | പെട്രോൾ, ഡീസൽ വിലവർദ്ധനവിൽ നിന്നും സംസ്ഥാനത്തിന് അധിക വരുമാനം ലഭിച്ചിട്ടും നടപ്പ സാമ്പത്തികവർഷം പ്രതീക്ഷിത നികുതി വരുമാനം നേടിയെടുക്കാൻ സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ? | (ഡി) | പെട്രോൾ, ഡീസൽ വില വർദ്ധനവിൽ നടപ്പ സാമ്പത്തിക വർഷം, പെട്രോളിൽ നിന്നും 110.59 കോടി രൂപയും ഡീസലിൽ നിന്നും 91.34 കോടി രൂപയും കൂടുതലായി ലഭിച്ചു എങ്കിലും കോവിഡ് മൂലം നികുതി വരുമാനത്തിൽ കുറവ് ഉണ്ടായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ